

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ



## 6. ഭക്തിപ്രസ്ഥാനം

സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ഉള്ളടക്കം


6 ഭക്തിപ്രസ്ഥാനം . . . . . . . . . . . . . . . . . . . . . . . . 1

1 മതത്തിലെ പുരോഗമനപ്രസ്ഥാനങ്ങൾ 2

2 താണജാതിക്കാരുടെ ഉയിർത്തെഴുന്നേൽപ്പ് . . . . . . . . . 3

3 പ്രാചീനചിന്തകളുടെ പ്രതിധ്വനികൾ . 4

4 ഇസ്ലാമിന്റെ സ്വാധീനം . . . . . . . . . 5

5 ഈശ്വരഭക്തി എന്നാൽ മനുഷ്യസ്നേഹം 6

6 ഭക്തിപ്രസ്ഥാനത്തിന്റെ സാമൂഹ്യശക്തികൾ . . . . . . . . . 7

7 ഭക്തിപ്രസ്ഥാനത്തിന്റെ പൊതുതത്വങ്ങൾ . . . . . . . . . . 8

8 ജാതിയും മതവുമില്ല, മനുഷ്യൻ മാത്രം . 9

9 ഭക്തിപ്രസ്ഥാനത്തിന്റെ വ്യാപ്തി . . . . 10

10 നാടുവാഴിത്തത്തിനെതിരായ പ്രസ്ഥാനം 11

11 ഭക്തിപ്രസ്ഥാനത്തിന്റെ ദൗർബല്യം . 12

# 6

## ഭക്തിപ്രസ്ഥാനം

ഇന്ത്യയിൽ നാട്ടുവാഴിത്തം നാശോന്മുഖമായതോടു കൂടി ഹിന്ദുമതം മുരടിക്കാൻ തുടങ്ങുകയും ആത്മീയമായ തകർച്ചയുടെ വക്കത്തെത്തുകയും ചെയ്തു. പഴയ വ്യവസ്ഥിതിയുടെ പണ്ഡിതന്മാരായ പ്രതിനിധികൾ, തകർന്നുകൊണ്ടിരുന്ന സാമൂഹ്യക്രമത്തെ മുട്ടുകൊടുത്തു നിലനിർത്താൻ വേണ്ടി പഴയ സ്മൃതികൾക്കും ശാസ്ത്രങ്ങൾക്കും പുതിയ വ്യാഖ്യാനങ്ങൾ രചിച്ചുനോക്കി. ശയനൻ, മാധവൻ, ആനന്ദതീർത്ഥൻ, ഭട്ട ഭാസ്കരൻ എന്നിങ്ങനെ ഒട്ടനവധി പണ്ഡിതന്മാർ പതിനാലും പതിനഞ്ചും നൂറ്റാണ്ടുകളിൽ വേദങ്ങളെക്കുറിച്ചും പുരാണങ്ങളെക്കുറിച്ചും ഒട്ടേറെ ഗ്രന്ഥങ്ങളെഴുതിയുണ്ടാക്കി. മേധാതിഥി, കുല്ലകഭട്ടൻ, വിജ്ഞാനേശ്വരൻ, ഹേമാദ്രി മുതലായവർ മനുസ്മൃതിക്കും മറ്റു പ്രാചീന നിയമസംഹിതകൾക്കും പുതിയ വ്യാഖ്യാനങ്ങളും പുതിയ അർത്ഥങ്ങളും നൽകിക്കൊണ്ട് ജനങ്ങളെ നാട്ടുവാഴിത്തത്തിന്റെ 'അരുതു'കളിലും 'പാടില്ല'കളിലും പിടിച്ചു കെട്ടാൻ ശ്രമിച്ചു. തത്വചിന്തയുടെ രംഗത്ത് ഒട്ടേറെ ആത്മീയവ്യാഖ്യാനങ്ങൾ പ്രസിദ്ധം ചെയ്യപ്പെട്ടു. സാംഖ്യം, വൈശേഷികം തുടങ്ങിയ പ്രാചീനദർശനങ്ങളിലടങ്ങിയ ഭൗതികവാദസിദ്ധാന്തങ്ങൾ ആത്മീയവാദത്തിന്റെ അടിസ്ഥാനത്തിലുള്ള പുനഃപരിശോധനകൾക്ക് വിധേയങ്ങളായി. മഠങ്ങളുടെയും ക്ഷേത്രങ്ങളുടെയും എണ്ണം വർദ്ധിച്ചു. തത്വചിന്തയെയും മതത്തെയും മതവിജ്ഞാനീയത്തെയും കൂട്ടി വിളക്കിച്ചേർക്കുന്നതിൽ അവ ഫലപ്രദമായ പങ്കു വഹിക്കുകയും ചെയ്തു. നാട്ടുവാഴി രാജാക്കന്മാരും പ്രഭുക്കന്മാരും തങ്ങളുടെ രക്ഷാധികാരിത്വവും സംഭാവനകളും വഴി ഈ ശ്രമങ്ങളെയെല്ലാം പ്രോത്സാഹിപ്പിച്ചു. ബുക്ക ഹരിഹരൻ എന്ന രാജാവിന്റെ നിർലോഭമായ സഹായാനുകൂല്യങ്ങൾ ഇല്ലായിരുന്നുവെങ്കിൽ പതിനാലാം നൂറ്റാണ്ടിൽ ശയനൻ തന്റെ സുപ്രസിദ്ധമായ ഋഗ്വേദവ്യാഖ്യാനം എഴുതുമായിരുന്നുവോ എന്നു സംശയമാണ്.

ഇങ്ങനെ കാലഹരണപ്പെടാൻ തുടങ്ങിയ മതചിന്തകൾക്കും മതാചാരങ്ങൾക്കും ഒരു പുതിയ ജീവൻ നൽകാൻ ഭഗീരഥയത്നങ്ങൾ നടത്തപ്പെട്ടു. വിവാഹ ചടങ്ങുകളിലും മറ്റു വിശേഷാവസരങ്ങളിലും വേദമന്ത്രങ്ങൾ വീണ്ടും ഉപയോഗിക്കപ്പെട്ടു തുടങ്ങി. യജ്ഞങ്ങളും മറ്റു വൈദികകർമ്മങ്ങളും വീണ്ടും അവതരിപ്പിക്കപ്പെട്ടു. പലരും മന്ത്രതന്ത്രങ്ങളിൽ അഭയം തേടി. താന്ത്രികപൂജ പുനരുജ്ജീവിപ്പിക്കപ്പെട്ടു. പക്ഷേ, അതേകാലത്തു തന്നെ പുതിയ സാമൂഹ്യ സാമ്പത്തികശക്തികൾ പുതിയ ആശയങ്ങളും പുതിയ മതസിദ്ധാന്തങ്ങളുമായി മുന്നേറിക്കൊണ്ടിരിക്കുകയായിരുന്നു. മുസ്ലീം ആക്രമണങ്ങളെത്തുടർന്ന് ഇന്ത്യയിലേക്ക് കടന്നുവന്ന സാമൂഹ്യവും മതപരവുമായ ആശയങ്ങൾ ഈ സംഭവവികാസത്തെ ത്വരിതപ്പെടുത്തി.

## 1 മതത്തിലെ പുരോഗമനപ്രസ്ഥാനങ്ങൾ

മധ്യകാലയൂറോപ്പിലെ മതപരിഷ്കരണ പ്രസ്ഥാനത്തെ പരാമർശിച്ചുകൊണ്ട് ഏംഗൽസ് എഴുതി: “മധ്യയുഗം മതവിജ്ഞാനീയവുമായി മറ്റെല്ലാ പ്രത്യയശാസ്ത്രരൂപങ്ങളെയും തത്വചിന്ത, രാഷ്ട്രതന്ത്രം, നിയമശാസ്ത്രം എന്നിവയെയും ബന്ധപ്പെടുത്തുകയും അവയെ മതവിജ്ഞാനീയത്തിന്റെ ഉപവിഭാഗങ്ങളാക്കി തീർക്കുകയും ചെയ്തു. അങ്ങനെ അത് സാമൂഹ്യരാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് മതപരമായ ഒരു രൂപം നൽകി. മതമല്ലാതെ മറ്റൊന്നും മനസ്സിലില്ലാതിരുന്ന ജനങ്ങൾ തങ്ങളുടെ സ്വന്തം ആവശ്യങ്ങളെ മതത്തിന്റെ വേഷമണിയിച്ചുകൊണ്ടാണ് മുന്നോട്ടുവച്ചത്. അങ്ങനെയാണ് അവർ ഒരു പ്രക്ഷോഭം സംഘടിപ്പിച്ചത്”. [1]

പതിനാലാം നൂറ്റാണ്ടിനും പതിനേഴാം നൂറ്റാണ്ടിനുമിടയിലുള്ള ഇന്ത്യയെ സംബന്ധിച്ചും ഇത് ഏറെക്കുറെ ശരിയാണ്. ഇന്ത്യയിലെ ഭക്തിപ്രസ്ഥാനത്തിന് വൈക്ലിഫ്, ലൂതർ, തോമസ് മുൻസർ മുതലായവർ നയിച്ച മതപരിഷ്കരണ പ്രസ്ഥാനങ്ങളുമായി പല സാദൃശ്യങ്ങളും കാണാം. വിഷ്ണുവിന്റെ അവതാരങ്ങളായി കരുതപ്പെട്ട ശ്രീരാമൻ, ശ്രീകൃഷ്ണൻ എന്നിവരോടുള്ള ഭക്തിയാണ് ഈ പ്രസ്ഥാനത്തിന്റെ കാതൽ. പക്ഷേ, അത് വെറുമൊരു മതപ്രസ്ഥാനമായിരുന്നില്ല. വൈഷ്ണവസിദ്ധാന്തങ്ങൾ, ആത്യന്തിക വിശകലനത്തിൽ, ആ കാലഘട്ടത്തിന്റെ സാമൂഹ്യസാമ്പത്തിക യാഥാർത്ഥ്യങ്ങളുടെ ആത്മീയപ്രകടനങ്ങളായിരുന്നു. എന്നാൽ, സാംസ്കാരിക രംഗത്ത് അത് ഒരു ദേശീയനവോത്ഥാനത്തെയാണ് പ്രതിഫലിപ്പിച്ചത്. സാമൂഹ്യമായ ഉള്ളടക്കമാകട്ടെ, ജാതിമേധാവിത്വത്തിനും ജാതിവ്യവസ്ഥയുടെ അനീതികൾക്കും എതിരായ കലാപത്തെയാണ് പ്രതിനിധാനം ചെയ്തത്. അത് ഇന്ത്യയിൽ വിവിധ ദേശീയജനവിഭാഗങ്ങളുടെ വളർച്ചയ്ക്കും ദേശീയ ഭാഷകളുടെയും ദേശീയ സാഹിത്യങ്ങളുടെയും വികാസത്തിനും ഒരു പുതിയ ഉത്തേജനം നൽകി. ഈ പ്രസ്ഥാനമാണ് നാടുവാഴിത്ത മർദ്ദനങ്ങൾക്കെതിരായി ഉറച്ചു നിൽക്കാൻ കച്ചവടക്കാർക്കും കൈവേലക്കാർക്കും മറ്റു പാവപ്പെട്ട ജനവിഭാഗങ്ങൾക്കും ധൈര്യം നൽകിയത്. ഉയർന്ന ജാതിയിൽ ജനിച്ചവരായാലും ശരി, താണ ജാതിയിൽ ജനിച്ചവരായാലും ശരി, ദൈവത്തിന്റെ മുമ്പിൽ എല്ലാ മനുഷ്യരും സമന്മാരാണെന്ന സിദ്ധാന്തമാണ് ഭക്തിപ്രസ്ഥാനത്തിന്റെ കാതൽ. പൗരോഹിത്യത്തിനും ജാതിമർദ്ദനത്തിനും എതിരായി പോരാടുന്നതിന് ജനങ്ങളെ ആവേശം കൊള്ളിച്ച് അണിനിരത്തിയ ഒരു സിദ്ധാന്തമായിത്തീർന്നു അത്. മധ്യയുഗത്തിലെ വ്യത്യസ്തഭാഷകളോടും വ്യത്യസ്തജാതികളോടും വ്യത്യസ്ത മതങ്ങളോടും കൂടിയ വിവിധ ജനവിഭാഗങ്ങളെ യോജിപ്പിച്ചണിനിരത്തിയ മഹത്തായ ഈ പ്രസ്ഥാനം ഒരു സങ്കര സംസ്കാരത്തിന്റെ വികാസത്തെ സഹായിക്കുകയും നാടുവാഴിത്ത മർദ്ദനത്തിനെതിരായ യോജിച്ച സമരങ്ങൾക്ക് പ്രചോദനം നൽകുകയും ചെയ്തു.

---

1. Engels: Ludwig Fuerbach, Ch . IV.

## 2 താണജാതിക്കാരുടെ ഉയിർത്തെഴുന്നേൽപ്പ്

രാമാനുജന്റെയും അദ്ദേഹത്തിന്റെ ശിഷ്യനായ രാമാനന്ദന്റെയും വേദാന്തസിദ്ധാന്തങ്ങളാണ് ഈ പരിഷ്കരണ പ്രസ്ഥാനത്തിന്റെ മുഖ്യമായ ഉറവിടം. എല്ലാ മനുഷ്യർക്കും ഭക്തിയിലൂടെ ദൈവവുമായി സാത്മ്യം പ്രാപിക്കാനും അങ്ങനെ ശാശ്വതാനന്ദം അനുഭവിക്കാനും കഴിയുമെന്നുള്ള രാമാനുജന്റെ പ്രഖ്യാപനമാണ് ഈ പുതിയ മതപ്രക്ഷോഭത്തിന് അസ്തിവാരമിട്ടത്. രാമാനന്ദൻ ഊരുതോറും ചുറ്റിസഞ്ചരിച്ച് ബ്രാഹ്മണമേധാവിത്വത്തെയും ജാതിവ്യവസ്ഥയെയും രൂക്ഷമായി വിമർശിച്ചു. ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രമാണം: “ഒരാൾ മറ്റൊരാളുടെ ജാതിയോ മതവിഭാഗമോ എന്തെന്നു ചോദിക്കാതിരിക്കട്ടെ. ദൈവത്തെ പൂജിക്കുന്നവൻ ദൈവത്തിന്റെ സ്വന്തമാണ്”.

രാമാനന്ദന് പന്ത്രണ്ട് ശിഷ്യന്മാരുണ്ടായിരുന്നു. അവരിൽ രായിദാസ് ഒരു ചെരുപ്പുകുത്തിയായിരുന്നു. ധരണൻ അയിത്തക്കാരനായ ഒരു ജാത്കർഷകനായിരുന്നു. കബീർ ഒരു നെയ്ത്തുകാരനായിരുന്നു. മറ്റു മതപരിഷ്കർത്താക്കളുടെയും സ്ഥിതി ഇതുതന്നെ. അക്ബറുടെ കാലത്ത് ജീവിച്ചിരുന്ന തുളസീദാസ് മഹാകവി ജനനാൽ ഒരു ബ്രാഹ്മണനായിരുന്നു. എന്നാൽ, അദ്ദേഹം ദൈവത്തിന്റെ ഗായകൻ ആയി മാറാൻ വേണ്ടി കുട്ടിക്കാലത്ത് തന്റെ മാതാപിതാക്കന്മാരെ ഉപേക്ഷിച്ചു. രജപുത്താനയിലെ ഭക്തിപ്രസ്ഥാനത്തിന്റെ നായകനായ ദാദു താണജാതിയിൽപ്പെട്ട ഒരു നൂൽനൂൽപ്പുകാരനായിരുന്നു. നാനാക്ക് ഒരു ചെറുകിടകച്ചവടക്കാരന്റെ മകനായിരുന്നു. മറാഠികവി നാമദേവ് ഒരു തുന്നൽക്കാരനായിരുന്നു. തുക്കാറാം താണജാതിയിൽപ്പെട്ട ഒരു കച്ചവടക്കാരനായിരുന്നു. ചൈതന്യൻ ബംഗാളിലെ ഒരു ദരിദ്രകുടുംബത്തിലാണ് ജനിച്ചത്. ആന്ധ്രയിലെ സുപ്രസിദ്ധകവി വേമണ്ണ അക്ഷരജ്ഞാനമില്ലാത്ത ഒരു കർഷകനായിരുന്നു. മലയാളസാഹിത്യത്തിന്റെ പിതാവെന്നു കരുതപ്പെടുന്ന തുഞ്ചത്ത് എഴുത്തച്ഛൻ താണജാതിയിൽപ്പെട്ട ഒരു ചക്കാലനായിരുന്നു. അപൂർവം ചില ബ്രാഹ്മണരും മറ്റു ചില ഉന്നതജാതിക്കാരും ഭക്തിപ്രസ്ഥാനത്തിൽ പങ്കെടുക്കുകയുണ്ടായി എന്നത് ശരിയാണ്. എന്നാൽ, അവർ അപ്രകാരം ചെയ്തത് തങ്ങളുടെ സ്വന്തം ജാതിയുടെ അടിസ്ഥാനത്തിലുള്ള അവകാശാനുകൂല്യങ്ങൾ ഉപേക്ഷിച്ചുകൊണ്ടാണ്. ചുരുക്കത്തിൽ, ഭക്തിപ്രസ്ഥാനത്തെ നയിച്ചത് ബ്രാഹ്മണപൗരോഹിത്യമായിരുന്നില്ല; പൗരോഹിത്യത്തിനെതിരായ താണജാതിക്കാരായിരുന്നു.

ഹിന്ദു–മുസ്ലീം പുരോഹിതന്മാരുടെ മേധാവിത്വത്തിനും അവരുടെ പിൻബലത്തിന്മേൽ സ്ഥിതിചെയ്തു സ്ഥാപിതതാൽപ്പര്യങ്ങൾക്കും എതിരായ സംഘടിതസമരങ്ങൾ ചരിത്രപരമായ ഒരാവശ്യമായിത്തീർന്ന സമയത്താണ് ഭക്തിപ്രസ്ഥാനം ആവിർഭവിച്ചത്. പ്രാദേശികവും വിഭാഗീയവുമായ കൂറുകൾകൊണ്ട് വേറിട്ടുനിന്ന ജനതകളെ യോജിപ്പിക്കുക, പ്രാദേശികമൊഴികളെ ദേശീയഭാഷകളുടെ പദവിയിലേക്കുയർത്തിക്കൊണ്ട് ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങളെ വിപുലീകരിക്കുക, നൂറ്റാണ്ടുകൾ പഴക്കമുള്ള അന്ധവിശ്വാസങ്ങളിലും മർദ്ദനങ്ങളിലും കിടന്നു നരകിച്ച് മനോവീര്യം തകർന്ന ജനങ്ങളുടെ മനുഷ്യത്വം തട്ടിയുണർത്തുക, സർവോപരി, ജാതികളുടെയും മതങ്ങളുടെയും മതിൽക്കെട്ടുകൾ പൊളിച്ചുകളഞ്ഞ് മനുഷ്യർക്കിടയിൽ ഐക്യവും സാഹോദര്യവും വളർത്തുക—ഇവയാണ് ഭക്തിപ്രസ്ഥാനത്തിന്റെ നായകന്മാരെ അഭിമുഖീകരിച്ച മുഖ്യമായ കടമകൾ.

## 3 പ്രാചീനചിന്തകളുടെ പ്രതിധ്വനികൾ

ഭക്തിപ്രസ്ഥാനം ആവിർഭവിച്ചത് പ്രധാനമായും ഇന്ത്യയിലെ സാമൂഹ്യരാഷ്ട്രീയ സ്ഥിതികളിൽ നിന്നു തന്നെയാണ്. ഋഗ്വേദം, ഉപനിഷത്തുകൾ, ഭഗവദ്ഗീത മുതലായവയിലടങ്ങിയ പ്രാചീനചിന്തകളുടെ ചില പ്രതിധ്വനികൾ കബീറിന്റെ കവിതകളിൽ കേൾക്കാം. ഉദാഹരണത്തിന്, താഴെ കൊടുക്കുന്ന കവിത വായിച്ചാൽ ഋഗ്വേദത്തിലെ സൃഷ്ടിഗീതം ഓർമ്മവരും.

> “ആരംഭത്തിൽ ഇത് ഏകമായിരുന്നു. നിരാകാരവും നിർഗുണവും അവർണ്ണനീയവുമായിരുന്നു. അതിന് ആദി, മധ്യം, അന്തം എന്നീ ക്രമങ്ങളുണ്ടായിരുന്നില്ല. അപ്പോൾ ഇരുട്ടോ പുകയോ വെളിച്ചമോ ഒന്നുമുണ്ടായിരുന്നില്ല. ഭൂമിയും വായുവും ആകാശവുമുണ്ടായിരുന്നില്ല. തീയും വെള്ളവുമുണ്ടായിരുന്നില്ല. ഗംഗയും യമുനയും സരസ്വതിയുമുണ്ടായിരുന്നില്ല. സമുദ്രവും തിരമാലകളുമുണ്ടായിരുന്നില്ല. പാപപുണ്യങ്ങളുമുണ്ടായിരുന്നില്ല. എല്ലാം ആലോചിച്ചുനോക്കിയിട്ട് കബീർ പറയുന്നു. അതുവരെ (ഈശ്വരന്റെ) ലീലകളൊന്നും പ്രത്യക്ഷപ്പെട്ടിരുന്നില്ല. പരമപുരുഷൻ അഗമവും അഗോചരവുമായ അഗാധതയിലായിരുന്നു. സൃഷ്ടികർത്താവ് തിന്നുകയോ കുടിക്കുകയോ ചെയ്യുന്നില്ല. മരിക്കുകയോ ജനിക്കുകയോ ചെയ്യുന്നില്ല. അതിന് രൂപവും ആകാരവും ഇല്ല. നിറവും വേഷവുമില്ല. ജാതിയും ഗോത്രവുമില്ല. അതിന്റെ മഹിമയെ വർണ്ണിക്കാൻ എനിക്കു കഴിവില്ല. അത് സ്വരൂപമോ അരൂപമോ അല്ല. അതിന് പേരൊന്നും ഇല്ല. അതിനു നിറമില്ല, നിറമില്ലായ്മയുമില്ല. അതിന് യാതൊരു സ്ഥാനവുമില്ല”. [2]

ഉപനിഷത്തുകളിലെയും ഭഗവദ് ഗീതയിലെയും ചില ആശയങ്ങളോടു സാദൃശ്യം വഹിക്കുന്ന ചിന്തകൾ താഴെ കൊടുക്കുന്ന കവിതയിലടങ്ങിയിരിക്കുന്നു:

> “ഞാൻ ധർമാത്മാവുമല്ല, അധർമിയുമല്ല.
> ഞാൻ യതിയുമല്ല, കാമുകനുമല്ല.
> ഞാൻ സംസാരിക്കുകയോ കേൾക്കുകയോ
> ചെയ്യുന്നില്ല.
> ഞാൻ ഉപാസകനുമല്ല, ഉപാസിക്കപ്പെടുന്ന
> പ്രഭുവുമല്ല.
> ഞാൻ ബന്ധിക്കപ്പെട്ടവനുമല്ല, മുക്തനുമല്ല.
> ഞാൻ വിരക്തനുമല്ല, ആസക്തനുമല്ല.
> ഞാൻ ആരിൽ നിന്നും അകന്നു നിൽക്കുന്നില്ല,
> ആരുടെയും കൂട്ടത്തിലും നിൽക്കുന്നില്ല.
> ഞാൻ നരകത്തിലും പോകുന്നില്ല, സ്വർഗ്ഗത്തിലും
> പോകുന്നില്ല.
> ഞാൻ എല്ലാ കർമങ്ങളും ചെയ്യുന്നു, എല്ലാ
> കർമങ്ങളിൽ നിന്നും വിട്ടുനിൽക്കുകയും
> ചെയ്യുന്നു.
> ഈ തത്വം മനസ്സിലാക്കുന്നവർ കുറവാണ്. പക്ഷേ,
> മനസ്സിലാക്കിയവർ അചഞ്ചലരായിരിക്കും.
> കബീർ ഏതെങ്കിലും മതം സ്ഥാപിക്കുകയോ
> ഏതെങ്കിലും മതം നശിപ്പിക്കുകയോ
> ചെയ്തിട്ടില്ല”. [3]

---

2. സർദാർ ജാഫ്രി (സമ്പാ.): കബീർ ബാണി, പേജ് 175.
3. സർദാർ ജാഫ്രി (സമ്പാ.): കബീർ ബാണി, പേജ് 173.

## 4 ഇസ്ലാമിന്റെ സ്വാധീനം

എന്നാൽ, ഭക്തിപ്രസ്ഥാനത്തിൽ സൂഫികളുടെയും ഇസ്ലാമിലെ മറ്റു പരിഷ്കരണവാദികളുടെയും സിദ്ധാന്തങ്ങളുടെ സ്വാധീനവും നിഴലിച്ചിരുന്നു എന്ന് കാണാം. ഹിന്ദുഭക്തന്മാരിൽ പലർക്കും മുസ്ലീം പരിഷ്കരണവാദികളുമായി വ്യക്തിപരമായ കൂട്ടുകെട്ടുകളുണ്ടായിരുന്നു. "രാമാനന്ദൻ കാശിയിൽ വെച്ച് മുസ്ലിംപണ്ഡിതന്മാരുമായി ബന്ധപ്പെട്ടു എന്നതു തീർച്ചയാണ്" [4] എന്ന് മെക്കാലിഫ് ചൂണ്ടിക്കാണിക്കുന്നു. രാമാനന്ദന്റെ ശിഷ്യനായ കബീർ ഹിന്ദുക്കളും മുസ്ലീങ്ങളുമായ ആചാര്യന്മാരെ സമീപിക്കുകയും അവരുടെ പ്രഭാഷണങ്ങൾ ശ്രദ്ധിക്കുകയും ചെയ്തു എന്നതിനും തെളിവുകളുണ്ട്. ഭക്തിപ്രസ്ഥാനം ഇസ്ലാമികാശയങ്ങളോടു കടപ്പെട്ടിരിക്കുന്നു എന്നും ഇസ്ലാമികാശയങ്ങൾ മഹാരാഷ്ട്രയിലെ ജനഹൃദയങ്ങളിൽ വലിയ സ്വാധീനം ചെലുത്തുകയുണ്ടായി എന്നും റാനഡേ ഉറപ്പിച്ചു പറയുന്നു: "അവിടെ ബ്രാഹ്മണരും അബ്രാഹ്മണരുമായ പ്രബോധകന്മാർ രാമനും റഹീമും ഒന്നു തന്നെയാണെന്ന് മനസ്സിലാക്കാനും ഔപചാരികങ്ങളായ ആചാരാനുഷ്ഠാനങ്ങളുടെയും ജാതിവ്യത്യാസങ്ങളുടെയും ബന്ധനങ്ങളിൽ നിന്ന് സ്വതന്ത്രരാവാനും പൊതുവായ മനുഷ്യസ്നേഹത്തിന്റെയും ദൈവവിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ യോജിക്കുവാനും ജനങ്ങളെ ഉപദേശിച്ചു കൊണ്ടിരുന്നു". [5]

ഇതിൽ വിചിത്രമായിട്ടൊന്നുമില്ല. കാരണം, ഹിന്ദു–മുസ്ലീം മതപരിഷ്കരണാശയങ്ങൾ ഒരേ സാമൂഹ്യസാമ്പത്തിക സാഹചര്യങ്ങളിൽ നിന്നാണുണ്ടായത്. രണ്ടു കൂട്ടരും മധ്യകാലേന്ത്യയിലെ മർദ്ദിതജനവിഭാഗങ്ങളുടെ ആഗ്രഹാഭിലാഷങ്ങളെയാണ് പ്രകടിപ്പിച്ചത്.

---

4. Macauliffe: The Sikh Religion, VI, P. 102.
5. M. G. Ranade: The Rise of the Maratha Power, P. 55.

## 5 ഈശ്വരഭക്തി എന്നാൽ മനുഷ്യസ്നേഹം

ഭക്തിപ്രസ്ഥാനത്തിന്റെ നായകന്മാർ സാധാരണജനങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി കാട്ടുകളിലോ ഗുഹകളിലോ ദന്തഗോപുരങ്ങളിലോ ജീവിച്ച യോഗികളായിരുന്നില്ല. വെറും പ്രഭാഷണങ്ങൾ കൊണ്ടുമാത്രം തൃപ്തിപ്പെട്ട അലസന്മാരായ കേവലതത്വജ്ഞാനികളുമായിരുന്നില്ല. അവരുടെ ആത്മീയജീവിതം ഐഹികജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടമായിരുന്നില്ല. അവർ ജനങ്ങൾക്കിടയിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടാണ് സാമൂഹ്യവും മതപരവുമായ പരിഷ്കാരങ്ങൾക്കു നേതൃത്വം നൽകിയത്; കഠിനാദ്ധ്വാനം കൊണ്ടാണ് അവർ ഉപജീവനം കഴിച്ചത്. ഉദാഹരണത്തിന്, കബീർ സ്വയം തുണി നെയ്യുകയും അത് അങ്ങാടിയിൽ കൊണ്ടുപോയി വിൽക്കുകയും അതിൽ നിന്നുള്ള വരുമാനം കൊണ്ട് തന്റെ കുട്ടികളെ പോറ്റുകയും ചെയ്തുകൊണ്ടാണ് മതപ്രബോധനങ്ങൾ നടത്തിയത്. മതജീവിതം അലസമായ ജീവിതമല്ലെന്നും ഭക്തന്മാർ അദ്ധ്വാനിച്ചു പണിയെടുത്ത് ജീവിക്കുകയും മറ്റുള്ളവരെ സഹായിക്കുകയും ചെയ്യണമെന്നും അദ്ദേഹം നിഷ്കർഷിച്ചു. മനുഷ്യൻ സമ്പത്ത് കൂട്ടിവെക്കാതെ ലഘുജീവിതം നയിക്കണമെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. ഈ തത്വം സ്വന്തം ജീവിതത്തിൽ നടപ്പിൽ വരുത്തുകയും ചെയ്തു. ഗുരുനാനാക്കും ഇതുതന്നെയാണ് ചെയ്തത്. അദ്ദേഹം പറഞ്ഞു: "ആചാര്യന്മാരെന്നും പീർമാരെന്നും സ്വയം വിളിക്കുകയും ഭിക്ഷ യാചിച്ചു നടക്കുകയും ചെയ്യുന്നവരുടെ കാലടി തൊടരുത്. സ്വന്തം പ്രയത്നത്തിന്റെ ഫലം ഭക്ഷിക്കുകയും അത് മറ്റുള്ളവരുമായി പങ്കിടുകയും ചെയ്യുന്നവരാണ് ശരിയായ മാർഗ്ഗം കണ്ടെത്തിയവർ".

വെറുപ്പ്, ക്രൂരത, മർദ്ദനം മുതലായവയായിരുന്നു ഭരണാധികാരികളുടെ സവിശേഷതകൾ. ഭക്തിപ്രസ്ഥാനക്കാരാകട്ടെ, തങ്ങളുടെ അനുയായികളിൽ നിന്ന് സത്യസന്ധത, സഹാനുഭൂതി, സ്നേഹം എന്നീ ഗുണങ്ങളാണാവശ്യപ്പെട്ടത്. അവരുടെ അഭിപ്രായത്തിൽ ഈശ്വരൻ സ്നേഹമാണ്; സ്നേഹം തന്നെയാണ് ഈശ്വരൻ. ഈശ്വരഭക്തി എന്നുവെച്ചാൽ മനുഷ്യ സ്നേഹമെന്നാണർത്ഥം. ഉയർന്ന വർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം സ്വത്തായിരുന്നു സാമൂഹ്യമായ മാന്യതയുടെ അളവുകോൽ. ഭക്തിപ്രസ്ഥാനക്കാരാകട്ടെ, ഔന്നത്യത്തെയും മാന്യതയെയും സ്നേഹം കൊണ്ടാണളന്നത്. എന്നല്ല, സ്വത്തു സമ്പാദിക്കാനുള്ള അത്യാർത്തി സ്നേഹത്തെ നശിപ്പിക്കുമെന്നതുകൊണ്ട് സ്വത്തിന്റെ ബന്ധനത്തിൽ നിന്നു മോചനം നേടാൻ അവർ തങ്ങളുടെ അനുയായികളോടാവശ്യപ്പെട്ടു. നാടുവാഴിത്തത്തിന്റെ താന്തോന്നിത്തങ്ങളും സുഖഭോഗലാലസതകളും നടമാടിയിരുന്ന ഒരു സാഹചര്യത്തിൽ മാനുഷികമായ വ്യക്തിത്വത്തെ സമ്പന്നമാക്കാൻ വേണ്ടിയുള്ള ഇത്തരം ഉൽബോധനങ്ങൾക്ക് ഒരു സവിശേഷമായ പ്രാധാന്യമുണ്ടായിരുന്നു.

## 6 ഭക്തിപ്രസ്ഥാനത്തിന്റെ സാമൂഹ്യശക്തികൾ

യൂറോപ്പിൽ മതപരിഷ്ക്കരണ പ്രസ്ഥാനം ആദ്യമായി പ്രത്യക്ഷപ്പെട്ടത് വ്യാപാരികൾക്കും കൈവേലക്കാർക്കുമിടയിലാണ്. പിന്നീട് അത് കൃഷിക്കാർക്കിടയിലും പരന്നുപിടിച്ചു. 1525-ൽ ജർമ്മനിയിലുണ്ടായ കർഷകകലാപത്തിന് ആശയപരമായ അടിസ്ഥാനം നൽകിയത് മതപരിഷ്ക്കരണ പ്രസ്ഥാനമായിരുന്നു എന്ന് ഏംഗൽസ് തന്റെ “ജർമ്മനിയിലെ കർഷകയുദ്ധം” എന്ന കൃതിയിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇന്ത്യയിലെ ഭക്തിപ്രസ്ഥാനവും ആരംഭത്തിൽ പട്ടണവാസികൾക്കിടയിൽ നിന്നാണ്, പ്രത്യേകിച്ചും ചെറുകിട കച്ചവടക്കാർ, നെയ്ത്തുകാർ, കുട്ടയുണ്ടാക്കുന്നവർ, വെള്ളംകോരികൾ തുടങ്ങിയവർക്കിടയിൽ നിന്നാണ്, ഉയർന്നുവന്നത്. എന്നാൽ, 17-ാം നൂറ്റാണ്ടോടുകൂടി അത് ഉൾനാടുകളിലെ കർഷകരിലേക്കും വ്യാപിച്ചു. അതൊരു ബഹുജനപ്രസ്ഥാനമായിത്തീർന്നു. നാടുവാഴിപ്രഭുക്കൾക്കും മുഗൾഭരണകൂടത്തിനും എതിരായി സായുധകലാപങ്ങൾ പോലും പൊട്ടിപ്പുറപ്പെട്ടു. പതിനേഴാം നൂറ്റാണ്ടിൽ ദൽഹിയിൽ സിഖുകാർക്കിടയിൽ പൊട്ടിപ്പുറപ്പെട്ട പ്രക്ഷോഭത്തിനും മഥുരയിൽ പൊട്ടിപ്പുറപ്പെട്ട സായുധകർഷക കലാപത്തിനും പഞ്ചാബിലെ മുസ്ലീം നാടുവാഴികൾക്കെതിരായ കർഷകസമരത്തിനും ഭക്തിപ്രസ്ഥാനമാണ് പ്രചോദനം നൽകിയത്. ശിവാജിയുടെ നേതൃത്വത്തിൽ മഹാരാഷ്ട്രയിൽ ഒരു വമ്പിച്ച കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച വിമോചനപ്രസ്ഥാനത്തിൽ ഭക്തകവി തുക്കാറാം വഹിച്ച പങ്ക് ചെറുതായിരുന്നില്ല.

ഭക്തിപ്രസ്ഥാനത്തിന്റെ നേതാക്കൾ ഉയർന്ന വർഗ്ഗക്കാരുടെ സാഹിത്യഭാഷകളായ സംസ്കൃതത്തിലോ പേർസ്യനിലോ അല്ല, മറിച്ച്, ജനങ്ങളുടെ സംസാരഭാഷകളിലാണ്, തങ്ങളുടെ കവിതകളും കീർത്തനങ്ങളും രചിച്ചത്. ഇത് ദേശീയ ജനവിഭാഗങ്ങളുടെയും ദേശീയ ഭാഷകളുടെയും വികാസത്തിനു പ്രചോദനം നൽകി. വ്യത്യസ്തദേശീയഭാഷകളിൽ ഏതാണ്ട് ഒരേ കാലത്ത് ആവിർഭവിച്ച ഭക്തിപ്രസ്ഥാന സാഹിത്യങ്ങൾ ഇന്ത്യയുടെ ദേശീയൈക്യത്തിന് നൽകിയ മഹത്തായ സംഭാവനകളായിരുന്നു.

# 7 ഭക്തിപ്രസ്ഥാനത്തിന്റെ പൊതുതത്വങ്ങൾ

ഭക്തിപ്രസ്ഥാനം രാജ്യത്തിന്റെ വ്യത്യസ്തഭാഗങ്ങളിൽ ആഴത്തിലും വ്യാപ്തിയിലും വ്യത്യസ്തരൂപങ്ങളിലാണ് പ്രത്യക്ഷപ്പെടുന്നത്. എങ്കിലും, അതിന്റെ പിന്നിൽ ചില അടിസ്ഥാനതത്വങ്ങൾ പ്രവർത്തിച്ചിരുന്നു എന്നു കാണാം. ഒന്നാമതായി, മതപരിഗണനകൾ കൂടാതെ ജനങ്ങളുടെ ഐക്യത്തെ അതംഗീകരിക്കുന്നു. രണ്ടാമതായി, ദൈവത്തിന്റെ മുമ്പിൽ എല്ലാ മനുഷ്യരും സമന്മാരാണെന്ന തത്വം അതുയർത്തിപ്പിടിക്കുന്നു. മൂന്നാമതായി, ജാതിയുടെ അടിസ്ഥാനത്തിലുള്ള ഉച്ചനീചത്വങ്ങളെ അതു നിഷേധിക്കുന്നു. നാലാമതായി, ദൈവവും മനുഷ്യനും തമ്മിലുള്ള സമ്പർക്കം സമ്പത്തിനെയോ ജാതിയെയോ മതത്തെയോ അല്ല, മറിച്ച് വ്യക്തിയുടെ ഉൽകൃഷ്ടഗുണങ്ങളെയാണ് ആശ്രയിച്ചിരിക്കുന്നത് എന്ന് അത് പ്രഖ്യാപിക്കുന്നു. അഞ്ചാമതായി, ഉയർന്ന ആരാധനാരൂപമെന്ന നിലയ്ക്ക് മനുഷ്യസ്നേഹത്തിനും നിസ്വാർത്ഥമായ അർപ്പണമനോഭാവത്തിനും അത് പ്രാധാന്യം നൽകുന്നു. വിഗ്രഹാരാധന, തീർത്ഥാടനങ്ങൾ, ആത്മപീഡനങ്ങൾ, മനുഷ്യനെ മനുഷ്യനിൽ നിന്ന് ഭിന്നിപ്പിച്ച നിർത്തുന്ന മതചടങ്ങുകൾ, അന്ധവിശ്വാസങ്ങൾ മുതലായവയെ അത് കഠിനമായി എതിർക്കുന്നു. മനുഷ്യന്റെ അന്തസ്സിനെ അംഗീകരിക്കുകയും മനുഷ്യസാഹോദര്യത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന ഒരു പ്രസ്ഥാനമാണത്. എല്ലാത്തരം ജാതിവർഗ്ഗ വ്യത്യാസങ്ങളെയും മതത്തിന്റെ പേരിൽ നടക്കുന്ന സാമൂഹ്യമർദ്ദനങ്ങളെയും ഇത് അപലപിക്കുന്നു.

കബീറിന്റെ പാട്ടിലൊന്ന് താഴെ പറയും പ്രകാരമാണ്:

> "അല്ലയോ സാധു, ലോകത്തിനു മുഴുവൻ ഭ്രാന്തുപിടിച്ചിരിക്കുന്നു. സത്യം പറഞ്ഞാൽ, എല്ലാവരും പരസ്പരം കൊല്ലാൻ വേണ്ടി ഓടിനടക്കുകയാണ്, എല്ലാവർക്കും അസത്യത്തിലാണ് വിശ്വാസം. ഹിന്ദു രാമന്റെയും മുസൽമാൻ റഹീമിന്റെയും പേരുച്ചരിക്കുന്നു. ഈ പേരുകൾക്കുവേണ്ടി രണ്ടുകൂട്ടരും പരസ്പരം യുദ്ധംവെട്ടി മരിക്കുന്നു. പക്ഷേ, സത്യമെന്താണെന്ന് ആർക്കും അറിഞ്ഞുകൂടാ; മതങ്ങളെയും മതനിയമങ്ങളെയും അനുസരിക്കുന്ന പലരെയും ഞാൻ കണ്ടിട്ടുണ്ട്. എല്ലാവരും ദിവസേന പ്രാതകാലത്ത് സ്നാനം ചെയ്യുന്നു. ആത്മാവിനെയുപേക്ഷിച്ച് കല്ലിനെ പൂജിക്കുന്നു. അവരുടെ ജ്ഞാനം മിഥ്യയാണ്. വലിയ ഡംഭോടുകൂടി അവർ ആസനങ്ങളിലിരിക്കുന്നു. പക്ഷേ, അവരുടെ മനസ്സ് അഹങ്കാരത്തിൽ മുങ്ങിക്കിടക്കുന്നു. അതുകൊണ്ടാണവർ കല്ലിനെയും ആൽമരത്തെയും പൂജിക്കുന്നത്. അവർ മാലയും തൊപ്പിയും ധരിക്കുന്നു. നെറ്റിയിൽ തിലകവും പൊട്ടും ചാർത്തുന്നു. ഉപദേശങ്ങൾ കൊടുത്തുകൊടുത്ത് അവർ സ്വന്തം ആത്മാവിൽ ശ്രദ്ധയില്ലാത്തവരായിത്തീർന്നിരിക്കുന്നു. മായയുടെ അഹംഭാവത്തിൽ വീടുതോറും ചുറ്റിത്തിരിഞ്ഞ് മന്ത്രങ്ങളുച്ചരിക്കുന്നു. ഗുരുക്കന്മാരും അവരുടെ ശിഷ്യന്മാരും മുങ്ങിക്കഴിഞ്ഞിരിക്കുന്നു. അവരുടെ അന്ത്യകാലത്തിൽ പശ്ചാത്താപമല്ലാതെ മറ്റൊന്നും ബാക്കിയില്ല. ഞാൻ അനേകം പീർമാരെയും ഔലിമാരെയും കണ്ടിട്ടുണ്ട്. അവർ കിത്താബും ഖുർആനും വായിച്ചുകൊണ്ടിരിക്കുന്നു. അവർ ശവക്കല്ലറ കാണിച്ചു കൊടുത്തുകൊണ്ടാണ് ജനങ്ങളെ ശിഷ്യന്മാരാക്കി മാറ്റുന്നത്. അവർ ദൈവത്തെ തിരിച്ചറിഞ്ഞിട്ടില്ലെന്നതു വ്യക്തമാണ്. ഹിന്ദുവിന്റെ ദയയും മുസൽമാന്റെ സ്നേഹവും അവരുടെ വീടുകളിൽ നിന്ന് അന്തർധാനം ചെയ്തിരിക്കുന്നു. രണ്ടുകൂട്ടരുടെയും വീടുകൾക്ക് തീപിടിച്ചിരിക്കുന്നു. എന്നിട്ട് അവർ നമ്മെ പരിഹസിക്കുകയും സ്വയം ബുദ്ധിമാന്മാരായി ഞെളിയുകയും ചെയ്യുന്നു. കബീർ പറയുന്നു; അല്ലയോ സാധു, നീ തന്നെ പറഞ്ഞു തരൂ, ഞങ്ങളിൽ ആർക്കാണ് ഭ്രാന്ത്?" [6]

---

6. സർദാർ ജാഫ്രി (സമ്പാ.): കബീർ ബാണി, പേജ് 210–211.

# 8 ജാതിയും മതവുമില്ല, മനുഷ്യൻ മാത്രം

കബീറിന്റെ അഭിപ്രായത്തിൽ, “ഹിന്ദുവായാലും ശരി, മുസ്ലീമായാലും ശരി എല്ലാ പാത്രങ്ങളിലും ഒരൊറ്റ ആത്മാവേയുള്ളൂ. അല്ലയോ അല്ലാഹ്, അല്ലയോ രാമാ, എന്റെ വ്യാമോഹങ്ങളെല്ലാം അവസാനിച്ചിരിക്കുന്നു. ഹിന്ദുവും മുസ്ലീമും തമ്മിൽ യാതൊരു വ്യത്യാസവുമില്ല”. മറ്റൊരു പാട്ടിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: “രണ്ടു ജഗദീശ്വരന്മാർ എവിടെനിന്നു വന്നു? ആരാണ് നിന്നെ ഈ വ്യാമോഹത്തിൽ കുടുക്കിയത്? അല്ലാഹുവും രാമനും റഹീമും വേറെ വേറെയാകുന്നതെങ്ങനെയാണ്? ഒരാൾ നമാസും മറ്റൊരാൾ പൂജയും ചെയ്യുന്നു എന്നാണ് പറയുന്നത്. ഈ വ്യത്യാസം മായ്ച്ചു കളയുക. അവൻ തന്നെയാണ് മുഹമ്മദ്. ബ്രഹ്മാവു തന്നെയാണ് ആദം. ഒരാൾ ഹിന്ദുവെന്നു വിളിക്കപ്പെടുന്നു. മറ്റൊരാൾ മുസ്ലീം എന്നു വിളിക്കപ്പെടുന്നു. പക്ഷേ, രണ്ടുപേരും ഒരേ ഭൂമിയിലാണ് ജീവിക്കുന്നത്. ഒരാൾ വേദം വായിക്കുന്നു. മറ്റൊരാൾ ഖുർആനും വായിക്കുന്നു. ഒരാൾ മൗലാനാ എന്നു പറയപ്പെടുന്നു. മറ്റൊരാൾ പണ്ഡിതൻ എന്നും. പേരുകൾ വേറെവേറെയാണ്. പക്ഷേ, എല്ലാ പാത്രങ്ങളും ഒരേ മണ്ണുകൊണ്ടുണ്ടാക്കപ്പെട്ടവയാണ്. കബീർ പറയുന്നു, രണ്ടുകൂട്ടരും ലക്ഷ്യം പിഴച്ച് ചുറ്റി അലയുകയാണെന്ന്. രാമനെ ആരും കണ്ടെത്തിയിട്ടില്ല. ഒരാൾ ആടിനെ കൊല്ലുന്നു. മറ്റൊരാൾ പശുവിനെ കൊല്ലുന്നു. ഈ ലഹളയിൽ പെട്ട് രണ്ടുപേരും ജീവിതം പാഴാക്കുന്നു”. [7]

കബീർ ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും മതച്ചടങ്ങുകളെ പരിഹസിച്ചുകൊണ്ട് ഇങ്ങനെ പാടി: “പുണ്യസ്നാന കേന്ദ്രങ്ങളിൽ വെള്ളമല്ലാതെ മറ്റൊന്നുമില്ല. അവ ഉപയോഗശൂന്യമാണ്. ഞാനവയിൽ കുളിച്ചിട്ടുണ്ട്. ബിംബങ്ങളെല്ലാം ജീവനില്ലാത്തവയാണ്, അവയ്ക്ക് സംസാരിക്കാനറിയില്ലെന്നെനിക്കറിയാം. ഞാൻ അവയുടെ മുമ്പിൽ ഉച്ചത്തിൽ കരഞ്ഞിട്ടുണ്ട്. പുരാണങ്ങളും കർമ്മങ്ങളും വെറും വാക്കുകൾ മാത്രമാണ്; മറനീക്കി ഞാനവയെ നോക്കിയിട്ടുണ്ട്. കബീർ സ്വന്തം അനുഭവങ്ങളുടെ വാക്കുകളാണ് പറയുന്നത്. മറ്റെല്ലാ വസ്തുക്കളും അയഥാർത്ഥമാണെന്ന് കബീറിന്നറിയാം”.

മറ്റൊരു പാട്ടിൽ:

> “മുസൽമാൻ അനുഷ്ഠിക്കുന്ന അഞ്ചു നിസ്കാരങ്ങളും വെറുതെയാണ്. കാരണം, അവ വെറും ബാഹ്യപ്രകടനങ്ങളും നാട്യങ്ങളും മാത്രമാണ്. നിസ്കരിക്കുന്ന സമയത്ത് അവരുടെ മനസ്സിലുള്ള ചിന്ത മറ്റെന്തോ ആയിരിക്കും. മതപരമായ കർമ്മങ്ങളുടെ ഒരു പ്രദർശനം നടത്തുന്ന ഖാസി പാവപ്പെട്ട ജനങ്ങളെ വഞ്ചിക്കുകയും അവർക്ക് നന്മയെക്കാളേറെ തിന്മകൾ നൽകുകയുമാണ് ചെയ്യുന്നത്”. [8]

ജനനത്തിന്റെ അടിസ്ഥാനത്തിലുള്ള എല്ലാ ജാതിവ്യത്യാസങ്ങളെയും കബീർ അപലപിച്ചു: “എങ്ങനെയാണ് ഒരാൾ ശൂദ്രനായി ജനിക്കുന്നതും, മരണംവരെ ശൂദ്രനായി തുടരുന്നതും? ഒരുവൻ ബ്രാഹ്മണന്റെ പൂണുനൂൽ സ്വയം ഉണ്ടാക്കി കെട്ടുന്നു. അങ്ങനെ ലോകം ആകെ ആശയക്കുഴപ്പത്തിലാണ്. നിങ്ങൾ ബ്രാഹ്മണനു ജനിച്ച ബ്രാഹ്മണനാണെങ്കിൽ എന്തുകൊണ്ട് നിങ്ങൾ വ്യത്യസ്തമായ രീതിയിൽ ജനിച്ചില്ല? ഒരു കറുത്ത പശുവിന്റെയും വെളുത്ത പശുവിന്റെയും പാൽ കറന്ന് അതുരണ്ടും കൂട്ടിയാൽ ഒന്നിന്റെ പാൽ മറ്റേതിൽ നിന്ന് തിരിച്ചറിയാൻ പറ്റുമോ?” വീണ്ടും കബീർ പറയുന്നു: “ഉയർന്നതിനേക്കുറിച്ചും താഴ്ന്നതിനേക്കുറിച്ചും സംസാരിക്കുന്നവർ മുങ്ങിപ്പോയിരിക്കുന്നു. അവർ നശിച്ചുകഴിഞ്ഞു. ഒരൊറ്റ ഭൂമിയേയുള്ളൂ. ഒരൊറ്റ കുശവൻ; ഒന്ന് എല്ലാറ്റിന്റെയും സ്രഷ്ടാവാണ്, എല്ലാ വ്യത്യസ്ത രൂപങ്ങളെയും ഒരൊറ്റ ചക്രം കൊണ്ടാണ് രൂപപ്പെടുത്തിയിരിക്കുന്നത്”. കബീർ ഉൽബോധിപ്പിക്കുന്നതിതാണ്: “സത്യം മാത്രമേ സ്വാഭാവികമായുള്ളൂ. ഈ സത്യം നിങ്ങളുടെ ഹൃദയത്തിനകത്ത് തേടുക. കാരണം, ബാഹ്യമായ മതാചാരങ്ങളിൽ സത്യമില്ല... സത്യം സ്നേഹത്തിലും ശക്തിയിലും സഹാനുഭൂതിയിലും വെളിപ്പെടുന്നു. വെറുപ്പിനെ ജയിച്ചടക്കുക, നിങ്ങളുടെ സ്നേഹം എല്ലാ മനുഷ്യരിലേക്കും വ്യാപിപ്പിക്കുക, ദൈവം എല്ലാറ്റിലും വസിക്കുന്നു”.

---

7. സർദാർ ജാഫ്രി (സമ്പാ.): കബീർ ബാണി, പേജ് 333.
8. ആദിഗ്രന്ഥം.

# 9 ഭക്തിപ്രസ്ഥാനത്തിന്റെ വ്യാപ്തി

എല്ലാ വ്യത്യസ്ത വിശ്വാസപ്രമാണങ്ങളെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഒരൊറ്റ കണ്ണിയിൽ കൂട്ടി യോജിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ദാദു പരബ്രഹ്മസംപ്രദായം എന്ന ഒരു സംഘടന സ്ഥാപിക്കുകയും അതിൽ ഹിന്ദുക്കളെയും മുസ്ലീങ്ങളെയും പ്രവേശിപ്പിക്കുകയും ചെയ്തു.

ഒരു ചെരുപ്പുകുത്തിയായി ഉപജീവനം കഴിച്ച റായിദാസ് ദൈവത്തിന് പൂർണ്ണമായി കീഴടങ്ങുകയാണ് മനുഷ്യന്റെ കടമ എന്നു വാദിച്ചു. എന്തെന്നാൽ, "ഹരി എല്ലാമാണ്. എല്ലാം ഹരിയിലുണ്ട്". തന്റെ ഗാനങ്ങളിൽ ഒന്നിൽ അദ്ദേഹം പ്രകടിപ്പിച്ച അഭിപ്രായമിതാണ്:

> "അങ്ങ് എന്നെ വ്യാമോഹത്തിന്റെ ചങ്ങലകൾകൊണ്ട് ബന്ധിച്ചിരിക്കുന്നു. ഞാൻ അങ്ങയെ സ്നേഹത്തിന്റെ കയറുകൊണ്ട് ബന്ധിച്ചിരിക്കുന്നു. ഞാൻ സ്വയം മോചിതനാവാൻ ശ്രമിക്കുകയാണ്. എന്നാൽ, ഞാൻ സ്വാതന്ത്ര്യം നേടുമ്പോൾ അങ്ങയെ ആർ പൂജിക്കും?".

ബംഗാളിലെ വൈഷ്ണവയോഗിയായ ചൈതന്യൻ (1485–1533) എല്ലാവരും ദൈവത്തെ ആരാധിക്കാൻ യോഗ്യരാണെന്ന് പ്രഖ്യാപിച്ചു. "ഈ പ്രലോഭനങ്ങളും ജാതിയുടെ അടിസ്ഥാനത്തിലുള്ള മതസമ്പ്രദായങ്ങളും വിട്ടുകൊണ്ട് യഥാർത്ഥവൈഷ്ണവൻ നിസ്സഹായനായി കൃഷ്ണനിൽ അഭയം തേടുന്നു". അദ്ദേഹത്തിന്റെ സങ്കീർത്തനങ്ങൾക്ക് ഹിന്ദുക്കൾക്കിടയിലെന്നപോലെ മുസ്ലീങ്ങൾക്കിടയിലും വിപുലമായ പ്രചാരം ലഭിച്ചു. താരാചന്ദ് എഴുതുന്നു: "ചൈതന്യന് ഹിന്ദുസമുദായത്തിലെ താണജാതിക്കാർക്കിടയിലെന്നപോലെ മുസൽമാന്മാർക്കിടയിലും ശിഷ്യന്മാരുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രമുഖരായ ശിഷ്യന്മാരിൽപ്പെട്ട മൂന്നുപേർ രൂജ്, സനാതൻ, ഹരിദാസൻ എന്നിവർ" മുസ്ലീങ്ങളായിരുന്നു. ജനങ്ങൾ കൂട്ടായിച്ചേർന്ന് ഭക്തിഗാനങ്ങൾ പാടുന്നത് മുസ്ലീം നാടുവാഴി പ്രഭുക്കൾ വിലക്കുകയുണ്ടായി. അവ ഇസ്ലാമിനെതിരാണെന്നായിരുന്നു അവരുടെ വാദം. എങ്കിലും ചൈതന്യന്റെ സങ്കീർത്തനപ്രസ്ഥാനം ബംഗാളിലെ മുക്കിലും മൂലയിലും പടർന്നുപിടിച്ചു. സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടുന്ന ജനങ്ങൾക്ക് അവ പ്രചോദനം നൽകി.

1290-ൽ ഭഗവദ്ഗീതക്ക് ഒരു മറാഠിതർജ്ജമ എഴുതിയ ജ്ഞാനേശ്വർ ആയിരുന്നു മഹാരാഷ്ട്രയിലെ ഭക്തിപ്രസ്ഥാനത്തിന്റെ ജനയിതാവ്. ജ്ഞാനേശ്വറിന്റെ ഒരു സ്നേഹിതനായ നാമദേവ് (1270–1350) മതത്തിന്റെ ബാഹ്യരൂപങ്ങൾക്കെല്ലാം എതിരായിരുന്നു. അദ്ദേഹം പറഞ്ഞു: "ഹിന്ദു അന്ധനാണ്. അതുപോലെതന്നെ മുസ്ലീമും അന്ധനാണ്. ഹിന്ദു ക്ഷേത്രത്തിൽ പോയി ആരാധിക്കുന്നു; മുസ്ലീം പള്ളിയിലും പോകുന്നു. എന്നാൽ, നാമദേവ് ആരാധിക്കുന്ന ദൈവത്തിന് ക്ഷേത്രമോ പള്ളിയോ ആവശ്യമില്ല".

നാമദേവിന്റെ ശിഷ്യന്മാരായ തുക്കാറാമിനും (1602–1649) രാമദാസിനും (1608–1681) ശിവാജിയുടെ മേൽ വമ്പിച്ച സ്വാധീനമുണ്ടായിരുന്നു; മുഗൾഭരണത്തിനെതിരായ സമരത്തിൽ അദ്ദേഹത്തിന് പ്രചോദനം നൽകിയതും ആ ഭക്തകവികളാണ്. റാനഡേ ചൂണ്ടിക്കാണിച്ചതുപോലെ, മഹാരാഷ്ട്രയിലെ ഭക്തിപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, മതച്ചടങ്ങുകൾ, ഉത്സവങ്ങൾ, തീർത്ഥാടനങ്ങൾ, വ്രതങ്ങൾ, പാണ്ഡിത്യം, ധ്യാനം മുതലായവയെക്കാളെല്ലാം പ്രധാനം സ്നേഹവും വിശ്വാസവും ഉൾക്കൊള്ളുന്ന ആരാധനയാണ്. ബഹുദൈവവിശ്വാസത്തിന്റെ ആധിക്യത്തെ അതു തടഞ്ഞുനിർത്തി.

സിഖുകാരുടെ ആദ്യത്തെ ഗുരുവായ നാനാക്ക് (1469–1538) ഖത്രി ജാതിയിൽപ്പെട്ട വ്യാപാരികളുടെ ഒരു കുടുംബത്തിൽ ഒരു പട്വാരിയുടെ (ഗ്രാമത്തിലെ കണക്കെഴുത്തുകാരൻ) മകനായിട്ടാണ് ജനിച്ചത്. ഭക്തിപ്രസ്ഥാനത്തിലെ മറ്റു നായകന്മാരെപ്പോലെ അദ്ദേഹവും ജനങ്ങളോട് ജാതി–മത വ്യത്യാസങ്ങൾ ഉപേക്ഷിക്കാൻ ആഹ്വാനം ചെയ്യുകയും ദൈവത്തിന്റെ മുമ്പിൽ എല്ലാവരും സമന്മാരാണെന്ന് ഉൽബോധിപ്പിക്കുകയും ചെയ്തു.

സിഖുകാർക്കിടയിൽ പട്ടണങ്ങളിലെ വ്യാപാരികളും കൈവേലക്കാരും മാത്രമല്ല ഉണ്ടായിരുന്നത്. നാനാക്കിന്റെ ഉൽബോധനങ്ങളും സിഖ് സാഹോദര്യവും മർദ്ദിതജനതയ്ക്ക് തങ്ങളെ ചൂഷണം ചെയ്യുന്നവർക്കെതിരായി അണിനിരക്കാനുള്ള ഒരു മാർഗ്ഗം കാണിച്ചുകൊടുത്തു. നാനാക്ക് ഹിന്ദുപുരോഹിതന്മാരെയും മുസ്ലീംമുല്ലമാരെയും ഒരുപോലെ വിമർശിക്കുകയും വിഗ്രഹാരാധന, കാലഹരണപ്പെട്ട ആചാരാനുഷ്ഠാനങ്ങൾ, ജാതിവ്യവസ്ഥ, തീർത്ഥാടനങ്ങൾ എന്നിവയെ എതിർക്കാൻ തന്റെ അനുയായികളോട് ആവശ്യപ്പെടുകയും ചെയ്തു. ദൈവത്തെ പ്രാർത്ഥിക്കുക എന്നുവെച്ചാൽ മനുഷ്യന്റെ ഉന്നതിക്കു വേണ്ടിയുള്ള സാമൂഹ്യപ്രവർത്തനങ്ങളിലേർപ്പെടുക എന്നാണർത്ഥമെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. തന്റെ ഒരു കവിതയിൽ അദ്ദേഹം പറയുന്നു: "മതം വാക്കുകളിൽ മാത്രം അടങ്ങുന്ന ഒന്നല്ല. എല്ലാ മനുഷ്യരെയും തുല്യനിലയിൽ നോക്കുന്നവനാണ് മതഭക്തൻ. ലോകത്തിലെ അശുദ്ധികൾക്കിടയിൽ വിശുദ്ധിയെ തേടുക; അങ്ങനെ മതത്തിലേക്കുള്ള വഴി നിങ്ങൾക്കു കണ്ടെത്താം".

മനുഷ്യനെ, പ്രത്യേകിച്ചും മർദ്ദിതനായ മനുഷ്യനെ സ്നേഹിക്കാതെ ദൈവത്തെ സ്നേഹിക്കുക സാദ്ധ്യമല്ലെന്ന് നാനാക്ക് ഊന്നിപ്പറഞ്ഞു: "മനുഷ്യരിൽ താഴ്ന്നവർക്കിടയിൽ തന്നെ ഏറ്റവും താഴ്ന്നവരുണ്ട്. നാനാക്ക് അവരുടെ അടുത്തേക്ക് പോകുന്നു. വലിയവരെക്കൊണ്ട് അയാൾക്ക് എന്തുകാര്യം? താഴ്ന്നവരെ ശുശ്രൂഷിക്കുന്നവരുടെ മേൽ ദൈവത്തിന്റെ കരുണാകടാക്ഷം പതിയുന്നു. ജാതി അസംബന്ധമാണ്, പ്രസിദ്ധി അസംബന്ധമാണ്. ജാതിക്ക് എന്തു ശക്തിയാണുള്ളത്? ഒരു വിലയുമില്ലാത്ത യാതൊരാളുമില്ല". [9]

സിഖുകാരുടെ അഞ്ചാമത്തെ ഗുരു അർജ്ജുനൻ (1563–1606) നാനാക്കിന്റെ ജപ്ജിയും കബീറിന്റെയും മറ്റു പുണ്യവാളന്മാരുടെയും കീർത്തനങ്ങളും ഉൾപ്പെട്ട ആദിഗ്രന്ഥം സമാഹരിച്ചു പ്രസാധനം ചെയ്തു. അദ്ദേഹമാണ് ആദ്യകാലത്തെ ഗുരുക്കളുടെ പ്രബോധനങ്ങളെ ചിട്ടയോടുകൂടി ക്രമീകരിക്കുകയും അവയുടെ അടിസ്ഥാനത്തിൽ സിഖ് സാഹോദര്യത്തിന് ഒരു സംഘടിത രൂപം നൽകുകയും ചെയ്തത്. അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ രാജ്യദ്രോഹമാണെന്ന് അപലപിച്ചുകൊണ്ട് മുഗൾഭരണാധികാരികൾ അദ്ദേഹത്തെ മൃഗീയമായി കൊലപ്പെടുത്തി. ഒമ്പതാമത്തെ ഗുരുവിനും അതേ അനുഭവമാണുണ്ടായത്. അടുത്ത ഗുരുവായ ഗോവിന്ദ്സിങ്ങ് (1675–1695) ആദിഗ്രന്ഥം പരിഷ്ക്കരിച്ചു മാറ്റിയെഴുതി. അദ്ദേഹം ഇപ്രകാരം പ്രഖ്യാപിച്ചതായി പറയപ്പെടുന്നു: "എന്റെ സിഖുകൾ ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലും തൊടാവുന്നവരും തൊട്ടുകൂടാത്തവരും തമ്മിലും ഉയർന്നവരും താഴ്ന്നവരും തമ്മിലുമുള്ള വ്യത്യാസങ്ങൾ മായ്ച്ചുകളയുകയും ദൈവത്തിന്റെ പിതൃത്വത്തിൽ വിശ്വസിക്കുന്ന മനുഷ്യരുടെ ഒരൊറ്റ സാഹോദര്യസംഘടനയുണ്ടാക്കുകയും ചെയ്യും".

---

9. ജനസംഖി.

## 10 നാടുവാഴിത്തത്തിനെതിരായ പ്രസ്ഥാനം

വസ്തുനിഷ്ഠമായി പരിശോധിച്ചാൽ എല്ലാ ജനങ്ങളുടെയും ഐക്യത്തിന്മേലുള്ള ഈ ഊന്നൽ ആഭ്യന്തരവിപണിയുടെ വികസനത്തിന്റെയും അതിനെത്തുടർന്ന് സാമ്പത്തിക ബന്ധങ്ങളിലുണ്ടായ മാറ്റങ്ങളുടെയും ഫലമായി തകരാൻ തുടങ്ങിയ ജാതികളുടെയും മതങ്ങളുടെയും അടിസ്ഥാനത്തിലുള്ള സാമൂഹ്യ വിഭജനങ്ങൾക്കെതിരായിരുന്നു. അതുകൊണ്ടുതന്നെ അത് ചരിത്രപരമായ ഒരാവശ്യവുമായിരുന്നു. ദൈവത്തിന്റെ മുമ്പിൽ എല്ലാ മനുഷ്യരും സമന്മാരാണ് എന്ന സിദ്ധാന്തം നാടുവാഴിത്തചൂഷണത്തിനെതിരായി പോരാടുന്ന കർഷകരുടെയും കൈവേലക്കാരുടെയും പുതിയ സാമൂഹ്യബോധത്തെയാണ് പ്രതിഫലിപ്പിച്ചത്. ജാതിയുടെയും കുടുംബത്തിന്റെയും മഹിമയ്ക്കുപകരം അത് വ്യക്തിയുടെ ഗുണങ്ങളെയും നന്മകളെയും ഉയർത്തിക്കാണിച്ചു. ചരിത്രപരമായി നോക്കിയാൽ, ഇത്തരം ആശയങ്ങൾ ജാതിവഴക്കുകളും അന്ധവിശ്വാസങ്ങളും കൊണ്ട് ജീർണ്ണിച്ച നാടുവാഴിവ്യവസ്ഥയുടെ സാഹചര്യങ്ങളിൽ പുരോഗമനപരമായ ഒരു പങ്കാണ് വഹിച്ചത് എന്ന കാര്യത്തിൽ സംശയമില്ല.

## 11 ഭക്തിപ്രസ്ഥാനത്തിന്റെ ദൗർബല്യം

പതിനേഴാം നൂറ്റാണ്ടിന്റെ മധ്യത്തിൽ മഹാരാഷ്ട്രക്കാർ ശിവാജിയുടെ (1627–1680) നേതൃത്വത്തിൽ മുഗൾഭരണത്തിനെതിരായി സമരമാരംഭിച്ചു. ഈ സമരത്തിനുള്ള പ്രചോദനം പ്രശസ്തമറാഠി കവികളും ഭക്തിപ്രസ്ഥാനത്തിന്റെ നേതാക്കളുമായ തുക്കാറാം, രാംദാസ് മുതലായവരിൽ നിന്നാണ് ലഭിച്ചത്. കലാപത്തിന്റെ തീ ആളിക്കത്തിക്കുന്ന കാര്യത്തിൽ രാംദാസ് പ്രത്യേകിച്ചും ധീരമായ ഒരു പങ്കാണ് വഹിച്ചത്. ശിവാജിയുടെ സ്വാതന്ത്ര്യയോദ്ധാക്കൾ മുഖ്യമായും കർഷകരായിരുന്നു. അവർ തങ്ങളുടെ പ്രഗത്ഭനായ സേനാനായകന്റെ നേതൃത്വത്തിൽ മുഗൾസൈന്യത്തെ പലേടത്തും വെച്ച് ഓർക്കാപ്പുറത്ത് കടന്ന് ആക്രമിക്കുകയും ആളുകളുടെ എണ്ണം കുറയുകയോ പരാജയം നേരിടാനിടവരികയോ ചെയ്യുമ്പോൾ പശ്ചിമഘട്ടങ്ങളിലെ നിറഞ്ഞ കാടുകളിലേക്കു പിന്തിരിയുകയും ചെയ്തുകൊണ്ട് ഗറില്ലാരീതിയിലുള്ള ഒരു പോരാട്ടമാണ് നടത്തിയത്. 1674 ആകുമ്പോഴേക്ക് ഭൂരിഭാഗം മഹാരാഷ്ട്രക്കാരും മോചിക്കപ്പെട്ടു. സ്വതന്ത്ര മഹാരാഷ്ട്രയുടെ ഭരണാധികാരിയായി ശിവാജി അവരോധിക്കപ്പെടുകയും ചെയ്തു. ഭക്തിപ്രസ്ഥാനമാണ് ആഗ്ര–മഥുര പ്രദേശങ്ങളിലെ കർഷകരുടെ കലാപത്തെയും മധ്യേന്ത്യയിലെ കർഷക സമരങ്ങളെയും ഇളക്കി വിട്ടത്. മർദ്ദിതരായ കർഷകരുടെയും കൈവേലക്കാരുടെയും അസംതൃപ്തിയിൽ നിന്ന് ഉടലെടുത്ത ഈ സമരങ്ങൾ മുഗൾഭരണത്തിന്റെ തകർച്ചയെയും അതോടൊപ്പം നാടുവാഴിത്തത്തിന്റെ നാശത്തെയും ത്വരിതപ്പെടുത്തി.

ഇങ്ങനെ ഭക്തിപ്രസ്ഥാനം കൂട്ടപ്രാർത്ഥനകളിലൂടെയും നൃത്തങ്ങളിലൂടെയും സംഘഗാനങ്ങളിലൂടെയും ജനങ്ങളുടെ ക്രിയാത്മകമായ കർമ്മശക്തിക്കു ഉത്തേജനം നൽകി. അത് ജനങ്ങളെ ഒരു പുതിയ ബോധമണ്ഡലത്തിലേക്കുണർത്തി; പ്രവർത്തനത്തിന് പ്രചോദനം നൽകി. അത് ഫ്യൂഡലിസത്തിലെ ജാതീയവും മതപരവുമായ അസമത്വങ്ങൾക്കെതിരായ പ്രക്ഷോഭങ്ങൾക്കു മാത്രമല്ല, നാടുവാഴിത്തത്തിനെതിരായ സാമ്പത്തികസമരങ്ങൾക്കും പ്രചോദനം നൽകി. എന്നാൽ, ഭക്തിപ്രസ്ഥാനത്തിന് അതിന്റേതായ ദൗർബല്യങ്ങളുമുണ്ടായിരുന്നു. മതപരമായ ഉത്തേജനം വികാരത്തിന്റേതാണ്. യുക്തിയുടേതല്ല. അതിനാൽ, സാമൂഹ്യപ്രശ്നങ്ങളെപ്പറ്റി യുക്തിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതിനോ അവയ്ക്ക് യുക്തിസഹമായ പരിഹാരം കണ്ടെത്തുന്നതിനോ അതിനു സാധിച്ചില്ല. ജനങ്ങളെ ഉണർത്തിവിടാൻ അതിന് കഴിഞ്ഞു. പക്ഷേ, സാമൂഹ്യസാമ്പത്തിക ഘടനയിലെ തകരാറുകളുടെ യഥാർത്ഥ കാരണങ്ങൾ ഗ്രഹിക്കുന്നതിലും മനുഷ്യരുടെ ദുരിതത്തിന് സമൂലമായ ചികിത്സ നിർദ്ദേശിക്കുന്നതിലും അതു പരാജയപ്പെടുകയാണുണ്ടായത്. അതുകൊണ്ടാണ് നാടുവാഴിത്തത്തിന്റെ താന്തോന്നിത്തത്തിനും പൗരോഹിത്യത്തിന്റെ അന്ധവിശ്വാസങ്ങൾക്കും എതിരായി ജനങ്ങളെ അണിനിരത്തിയ ഭക്തിപ്രസ്ഥാനക്കാർ ഒടുവിൽ വിഭാഗീയ സംഘങ്ങളായിത്തീർന്നത്. സിഖുമതത്തിന്റെ പരിണാമം ഇതിന് വ്യക്തമായ ഒരു ദൃഷ്ടാന്തമാണ്.

സിഖു പ്രസ്ഥാനം നാടുവാഴിത്തത്തിനെതിരായ സമരത്തിന്റെ ഒരു പ്രത്യയശാസ്ത്രമെന്ന നിലയ്ക്കാണ് ആവിർഭവിച്ചത്. പതിനേഴാം നൂറ്റാണ്ടിൽ, വർഗ്ഗസംഘട്ടനങ്ങൾകൊണ്ട് മുഖരിതമായ ഒരു സാഹചര്യത്തിൽ, അത് മുഗൾഭരണത്തിനെതിരായ സായുധസമരങ്ങളുടെ രൂപം കൈക്കൊണ്ടു. താരാചന്ദ് പറയുന്നു: "നാനാക്ക് തുടങ്ങിവെച്ച മതപ്രസ്ഥാനം അദ്ദേഹത്തിന്റെ പിൻഗാമികളുടെ കീഴിൽ ചലനാത്മകതയാർജിച്ചു. അതിന്റെ ഉറച്ച ധാർമ്മികരൂപവും വ്യക്തമായ പരിശുദ്ധിയും അതിനെ ഇന്ത്യയിലെ മറ്റു പ്രസ്ഥാനങ്ങളിൽ നിന്ന് വേർതിരിച്ചു നിർത്തിയ ഘടകങ്ങളായിരുന്നു. വിട്ടുവീഴ്ചയില്ലാത്ത മനോഭാവത്തിന്റെ ഫലമായി അതിൽ രക്തസാക്ഷിത്വത്തിനുള്ള സാദ്ധ്യതകളും ഒരു സംഘടിതപൗരോഹിത്യ സ്ഥാപനത്തിന്റെ ബീജവും അടങ്ങിയിരുന്നു. മുഗൾ സാമ്രാജ്യത്തിന്റെ പിൽക്കാലത്തെ അനിശ്ചിതമായ രാഷ്ട്രീയസ്ഥിതികൾ ഈ സാദ്ധ്യതകൾക്ക് വളരാൻ അവസരം നൽകി. വിത്ത് മുളച്ചു. പിൽക്കാലഗുരുക്കൾ ഒരു ഉശിരൻ സംഘടനയിലേക്കും നീങ്ങി. കർഷകരുടെ സമരങ്ങൾ ധീരമായി നയിച്ചു. സിഖുകാർ പിന്നീട് അവരുടെ ഘടന മാറ്റിയെങ്കിലും അവരുടെ മതം ഗുരുനാനാക്കിന്റെ പ്രബോധനങ്ങളെ പറയത്തക്ക മാറ്റമൊന്നും കൂടാതെ സൂക്ഷിച്ചുപോന്നു".

ആദ്യകാല സിഖുകൾ അവരുടെ മുഖ്യശത്രുക്കളായ മുഗൾഭരണാധികാരികൾക്കെതിരായി മാത്രമല്ല, ഹിന്ദുക്കളും മുസ്ലീങ്ങളുമായ നാടുവാഴി പ്രഭുക്കൾക്കെതിരായും പോരാടുകയുണ്ടായി. വ്യാപാരികളും കൈവേലക്കാരും നാട്ടിൻപുറങ്ങളിലെ പാവപ്പെട്ട കർഷകരും ആയിരുന്നു പ്രസ്ഥാനത്തിന്റെ പ്രേരകശക്തികൾ. അതുകൊണ്ടാണ് സമ്പന്ന വിഭാഗങ്ങളിൽപ്പെട്ട ഒരു പിടി വ്യക്തികൾക്ക് നിയന്ത്രണം ചെലുത്താൻ കഴിയാത്ത വിധത്തിൽ അതിന്റെ ആഴവും പരപ്പും വർദ്ധിച്ചത്. എന്നാൽ, മെല്ലെ മെല്ലെ മുഗളന്മാർക്കെതിരായുള്ള യുദ്ധങ്ങളിൽ ജനങ്ങളെ നയിച്ച സൈനിക നേതാക്കളായ സർദാർമാർ പ്രാമുഖ്യവും ആധിപത്യവും നേടി. മുഗൾഭരണം തകർച്ചയിലേക്കു നീങ്ങുകയും 1765-ൽ സിഖ് സൈനികമുഖ്യന്മാരുടെ സഭയായ ഗുരുമാത പഞ്ചാബിന്റെ സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും സിഖുകാരുടെ മതസംഘടനയായ ഖാൽസയ്ക്ക് ഭരണാധികാരം ഏൽപ്പിച്ചു കൊടുക്കുകയും ചെയ്തതിനുശേഷം സിഖ്മതത്തിന്റെ ചരിത്രം പുതിയൊരു ഘട്ടത്തിലേക്കു പ്രവേശിച്ചു. മുഗളന്മാരിൽ നിന്ന് മോചിപ്പിക്കപ്പെട്ട പ്രദേശങ്ങൾ പന്ത്രണ്ടു പ്രവിശ്യകളായി വിഭജിക്കപ്പെട്ടു. ആരംഭത്തിൽ ഈ ഭൂപ്രദേശങ്ങളാകെ ഖാൽസയുടെ സ്വത്തായിട്ടാണ് പരിഗണിക്കപ്പെട്ടിരുന്നത്. എന്നാൽ, പ്രവിശ്യകളിലെ സൈനിക നേതാക്കന്മാർ ഫലത്തിൽ സ്വതന്ത്രന്മാരായിരുന്നു. അവർ തങ്ങളുടെ നിയന്ത്രണത്തിലുള്ള ഭൂപ്രദേശങ്ങൾ സർദാർമാർക്കിടയിലും തങ്ങളുടെ അനുയായികളായ ചെറുകിട സൈനിക നേതാക്കൾക്കിടയിലും വിതരണം ചെയ്തു. പ്രവിശ്യകളിലെ മുഖ്യന്മാർ ക്രമേണ നാടുവാഴിത്ത നേതാക്കളായി പരിണമിച്ചു; കൃഷിക്കാരിൽ നിന്ന് പാട്ടവും വ്യാപാരികളിൽ നിന്ന് നികുതിയും പിരിച്ചു തുടങ്ങി. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഗുരുനാനാക്കിന്റെ നേതൃത്വത്തിൽ നാടുവാഴിത്തത്തിനെതിരായ സമരമെന്ന നിലയ്ക്ക് ആരംഭിച്ച സിഖുകളുടെ ഭക്തിപ്രസ്ഥാനം പതിനെട്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ പുതിയ നാടുവാഴിത്ത സ്ഥാപനങ്ങൾക്കു വഴിമാറിക്കൊടുത്തു. കബീറിന്റെയും ചൈതന്യന്റെയും മറ്റും അനുയായികളാകട്ടെ, നാടുവാഴിത്തത്തിന്റെ ചട്ടക്കൂട്ടിനുള്ളിൽ പ്രത്യേകമതവിഭാഗങ്ങൾ എന്ന രൂപത്തിലാണ് നിലനിന്നുപോന്നത്.

എന്നാൽ, പരിണാമം എങ്ങനെയായാലും, രണ്ടു നൂറ്റാണ്ടിലധികം കാലം രാജ്യത്തെ മുഴുവൻ പിടിച്ചുകുലുക്കിയ ഭക്തിപ്രസ്ഥാനം ജനങ്ങളുടെ—ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും—ദേശീയപ്രബുദ്ധതയ്ക്ക് വലിയ സംഭാവനകൾ നൽകിയെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ജാതിമതാസമത്വങ്ങളെയും സാമൂഹ്യമായ ഉച്ചനീചത്വങ്ങളെയും എന്നെന്നേക്കുമായി തുടച്ചുനീക്കാൻ അതിനു കഴിഞ്ഞില്ല.

ഭക്തിപ്രസ്ഥാനത്തിന്റെ പിന്നിൽ അണിനിരന്ന മുഖ്യസാമ്പത്തികശക്തികൾ—വ്യാപാരികൾ, കൈവേലക്കാർ മുതലായവർ—അപ്പോഴും ദുർബലരും അസംഘടിതരുമായിരുന്നു. മുതലാളിത്തത്തിന്റെ ഈ പ്രാഥമിക ഘടകങ്ങൾ ഒരു വർഗ്ഗമെന്ന നിലയ്ക്ക് വളർച്ച പ്രാപിക്കുന്നതിനു മുമ്പ് ബ്രിട്ടീഷ് മുതലാളിമാർ രാജ്യം പിടിച്ചടക്കി. ഇന്ത്യ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഒരു ഭാഗമായി മാറി. അതോടെ ഭക്തിപ്രസ്ഥാനവും നാമാവശേഷമായി.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്‌ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 6

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം
2. ശിവനും ശക്തിയും
3. ഏകതത്വവാദവും മതവിശ്വാസവും
4. ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും
5. ഇസ്ലാമിലെ ശുദ്ധാർഥവാദവും വിമതപ്രസ്ഥാനങ്ങളും
6. ഭക്തിപ്രസ്ഥാനം
7. ബ്രിട്ടിഷ് ഭരണം
8. പാശ്ചാത്യചിന്തയുടെ സ്വാധീനം
9. രാജാറാം മോഹൻ റായ്
10. സാമൂഹ്യപരിഷ്കാരവും മതപുനരുദ്ധാരണവും
11. സ്വാമി വിവേകാനന്ദൻ
12. ഇസ്ലാമിലെ പുനരുത്ഥാനവും നവോത്ഥാനവും
13. മിതവാദികളും തീവ്രവാദികളും
14. തീവ്രവാദികളുടെ തത്വശാസ്ത്രം
15. മതവും ദേശീയപ്രസ്ഥാനവും
16. രവീന്ദ്രനാഥ ടാഗോർ
17. ഇഖ്ബാൽ
18. മഹാത്മാഗാന്ധി
19. മാർക്സിസത്തിന്റെ സ്വാധീനം
20. ജവഹർലാൽ നെഹ്റു
21. സ്വാതന്ത്ര്യലബ്ധിക്കു ശേഷം
22. ഭാരതീയചിന്ത എങ്ങോട്ട്?


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014